"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷൻ വാരിക്കുളം നിന്നുകുഴി ഭാഗം പറവട്ടാനിമല റിസർവ് ഭാഗത്തുനിന്നും ഈട്ടി മരംമുറി - പൊങ്ങണംകാട് സ്റ്റേഷനിൽ ഒ.ആർ.6/12,1/13 നമ്പർ കേസിൽ തുടരന്വേഷണത്തിൽ വീഴ്ച- ശ്രീ.കെ.റ്റി.റോയി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.രവീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി-ഒ.എ. 1564/2021 നമ്പർ കേസിലെ 10.09.2021-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പൂർണ്ണമായി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.548/2022/F&WLD തീയതി,തിരുവനന്തപുരം, 06-12-2022

---

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 22.01.2017ലെ ബി7-48990/2014 നമ്പർ കത്ത്.

2. 27.04.2017-ലെ 25/എ2/2017/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 21.02.2018ലെ ബി4-7926/2018 നമ്പർ നടപടി ഉത്തരവ്.

4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 21.11.2019ലെ ബി4-7926/2018 നമ്പർ കത്ത്.

5. 03.02.2021-ലെ എ2/95/2019/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6. ശ്രീ.പി.രവീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) ഫയൽ ചെയ്ത ഒ.എ. 1564/2021 നമ്പർ കേസിലെ 10.09.2021-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം.

7. 23.03.2021 തീയതിയായി ശ്രീ.പി.രവീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട), ശ്രീ.കെ.റ്റി.റോയി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച വിശദീകരണം.

8. 12.10.2021, 01.12.2021 തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-7926/2018 നമ്പർ കത്ത്.

9. 04.03.2022-ലെ എ2/95/2019/വനം നമ്പർ സർക്കാർ കത്ത്

10. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 07.11.2022 ലെ എ1-2/13/2022-KPSC നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ഡിവിഷനിൽ പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ സർക്കാർ ബന്തവസിൽ ഉണ്ടായിരുന്ന ഈട്ടി തടികൾ സ്വകാര്യ മില്ലിൽ അനധികൃതമായി സൂക്ഷിക്കുന്നു എന്ന പരാതിയിൽ വനം വകപ്പ് നടത്തിയ പരിശോധനയിൽ മില്ലിനുള്ളിൽ നിന്നും തൊണ്ടിത്തടികൾ കണ്ടെത്തി. ഇത് സംബന്ധിച്ച് പൊങ്ങണംകാട് സ്റ്റേഷനിൽ ഒ ആർ .6/12, 1/13 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും, തുടരന്വേഷണത്തിന് വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർവ്വശ്രീ.കെ.റ്റി.റോയി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.പി.രവീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) എന്നിവർക്കെതിരെ അച്ചടക്ക നടപടിയെടുക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു. തുടർന്ന് പരാമർ ശം ( 2 ) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക നൽകിക്കൊണ്ട് അച്ചടക്കനടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാന്മാർ സമർപ്പിച്ച പ്രതിവാദപത്രികയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും പരിശോധിച്ച് കൂടുതൽ തെളിവു ഹാജരാക്കുന്നതിനും, നിരപരാധിത്വം തെളിയിക്കുന്നതിലേയ്ക്കുമായി ഈ വിഷയത്തിൽ പരാമർശം (3) പ്രകാരം ഔപചാരികാന്വേഷണത്തിനു ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി

01.04.13 മുതൽ 16.07.13 വരെ പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷന്റെ അധിക ചുമതല വഹിക്കവേ 05.04.13 ൽ സ്റ്റേഷൻ സ്റ്റാഫുമൊത്ത് ഉച്ചതിരിഞ്ഞ് 03:30 ന് പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും പുറപ്പെട്ട് ചൊവ്വൂരിലെ ജോസ് ഏലിയ സോ മില്ലിൽ നിന്നും ഈട്ടി തടികളും ഉരുളൻ തടികളും സർക്കാർ ബന്തവസിലെടുത്ത് മഹസ്സർ തയ്യാറാക്കി സ്റ്റാഫുമൊത്ത് വൈകിട്ട് തിരിച്ചെത്തിയെന്ന് ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളതും ടി മഹസ്സറിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും മഹസ്സർ വെരിഫൈ ചെയ്തിട്ടുള്ളതുമാണെന്ന് ശ്രീ.കെ.റ്റി.റോയ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വാദിക്കുന്നുണ്ട് എന്നാൽ ടി മഹസ്സറിൽ പ്രതിവാദ പട്ടികയിൽ പറയുന്നത് പോലെ ട്രാൻസ്ഫോമറിന് സമീപത്താണ് ഈട്ടി തടികൾ കിടന്നിരുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ടി മഹസ്സർ വെരിഫൈ ചെയ്യുമ്പോൾ ടിയാൻ ഈ കാര്യം ശ്രദ്ധിച്ചിട്ടില്ലാത്തതാണ്. ടി തടികൾ ജോസ് ഏലിയ സോ മില്ലിനകത്ത് നിന്നുമാണ് എന്നതിന് ഉപോൽബലകമായി ഔപചാരിക അന്വേഷണ വേളയിൽ തൃശ്ശൂർ എസ്.ഐ.പി. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയിരുന്ന ശ്രീ.സി.റ്റി.ജോജുവിന് മില്ല് ഉടമസ്ഥനും മില്ലിലെ തൊഴിലാളികളും നൽകിയ സാക്ഷിമൊഴിയ്ക്ക് പുറമേ ശ്രീ.സ്റ്റാൻലി.കെ.തോമസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ നൽകിയ മൊഴികളിലും ടി മില്ലിന് മുൻവശത്തായി ട്രാൻസ്ഫോമറിന് സമീപം 2 2 കഷ്ണം ഈട്ടി തടികൾ സൂക്ഷിക്കാൻ സാധിക്കുകയില്ലെന്നാണ്. 05.04.13- ലെ മഹസ്സർ തയ്യാറാക്കുമ്പോൾ മില്ലിനുള്ളിൽ കിടന്ന 4 4 കഷ്ണം ഈട്ടി, ഈർച്ച ഉരുപ്പടികളും മില്ലിനു വെളിയിൽ റോഡരികിൽ കിടന്ന 22 കഷ്ണം ഈട്ടി തടികൾക്കും രേഖകൾ ഉണ്ടെങ്കിൽ ഹാജരാക്കാൻ മില്ലുടമയോട് ആവശ്യപ്പെട്ടതിൽ

ടി സമയത്ത് ടിയാൻ രേഖകൾ ഹാജരാക്കാൻ കഴിയാതിരുന്നതിനാൽ, സത മഹസ്സർ തീയ്യതി എന്നിവ രേഖപ്പെടുത്തി സർക്കാർ ബന്തവസ്സിലെടുത്ത് ഒരാഴ്ചക്കകം രേഖകൾ ഹാജരാക്കാം എന്ന് മില്ലുടമയുടെ ഭർത്താവും മില്ല് നടത്തിപ്പുകാരനുമായ ശ്രീഇ.ഒ.ഫ്രാൻസീസ് അപേക്ഷിച്ചതനുസരിച്ച് 7 ദിവസത്തെ സമയം അനുവദിച്ച് തടികളും ഉരുപ്പടികളും മില്ലുടമയെ ചുമതലപ്പെടുത്തി എന്ന ശ്രീ.റോയിയുടെ വാദം യാതൊരു തരത്തിലും നീതീകരിക്കാൻ കഴിയുന്നതല്ല. ഈ അവസരത്തിൽ വനത്തിൽ നിന്നും നഷ്ടപ്പെട്ട തൊണ്ടിയാണ് എന്ന ഉത്തമ വിശ്വാസത്തിൽ ആയവ സർക്കാർ ബന്തവസിൽ എടുത്ത് സ്റ്റേഷൻ കോമ്പൗണ്ടിലേക്ക് മാറ്റുന്നതിന് പകരം പ്രതികളെന്നു സംശയിക്കുന്നവരെ കേവലം ഒരു കൈപ്പറ്റ് രസീത് പോലും ഇല്ലാതെ ഏൽപ്പിച്ചതും , ടിയാന് മില്ലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകൾ ഹാജരാക്കാൻ ഒരാഴ്ച സമയം അനുവദിച്ചതും ന്യായീകരിക്കാവുന്ന നടപടിയല്ലെങ്കിലും ആയത് ബോധപൂർവ്വമല്ല എന്ന് കരുതേണ്ടിയിരിക്കുന്നുവെന്നും 05.04.2013-ൽ തയ്യാറാക്കിയ മഹസ്സറിൽ, മില്ലുടമ 06.04.2013-ൽ പൊങ്ങണംകാട് സ്റ്റേഷനിൽ ഹാജരായി ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും എന്നാൽ ടിയാൻ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നുവെന്നും മേൽ സാഹചര്യത്തിൽ അന്നോ തൊട്ടടുത്ത ദിവസമോ മില്ലുടമയെ പ്രതിചേർക്കേണ്ടിയിരുന്നുവെന്നും ഇക്കാര്യത്തിൽ ഡെപ്യൂട്ടി റെയിഞ്ചർ വീഴ്ച വരുത്തിയിട്ടുള്ളതാണെന്നും അന്വേഷണാധികാരി കണ്ടെത്തിയിട്ടുണ്ട്.

മില്ലുടമയെ മഹസ്സറിൽ സാക്ഷിയാക്കുക മാത്രം ചെയ്തതു വഴി ടിയാന്മാരെ പ്രതി സ്ഥാനത്തു നിന്നും രക്ഷപ്പെടാനുള്ള സാഹചര്യം മഹസ്സർ തയ്യാറാക്കിയ ഡെപ്യൂട്ടി റെയിഞ്ചർ മനഃപൂർവം ഒരുക്കിയിട്ടുള്ളതാണെന്ന് അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടില്ല. സർക്കാർ ഉത്തരവ് 77/88 തീയ്യതി 15.09.1988- ലെ 23- മത്തെ കൽപ്പന പ്രകാരം 2500 രൂപയോ അതിൽ കൂടുതലോ സർക്കാർ നഷ്ടം വരുന്ന കേസുകൾ 4 8 മണിക്കൂറുകൾക്കുള്ളിൽ ഇൻവസ്റ്റിഗേഷൻ ഓഫീസറായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കണം എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ഡെപ്യൂട്ടി റെയിഞ്ചർ മനപൂർവ്വമല്ലാത്ത വീഴ്ച വരുത്തിയിട്ടുള്ളതാണ്. കൂടാതെ സ്റ്റേഷനിലേയ്ക്ക് കൊണ്ടു വന്ന 22 കഷ്ണം ഈട്ടിത്തടികൾ കയറ്റിയ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ തെറ്റായി ആണ് രേഖപ്പെടുത്തിയിരുന്നത്. 05.03.2014- ന് ജോസ് ഏലിയ മില്ലിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഫിസിക്കൽ സ്റ്റോക്കുമായി വ്യത്യാസം ഉള്ളതിനാൽ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് പിടിച്ചെടുത്തത് എന്ന ശ്രീ.കെ.റ്റി.റോയിയുടെ വാദം നിലനിൽക്കുന്നതല്ല. ഫിസിക്കൽ സ്റ്റോക്കിൽ വ്യത്യാസം കണ്ടാൽ മഹസ്സർ തയ്യാറാക്കി ക്രമവിരുദ്ധമായി ശേഖരിച്ച തടികൾ സർക്കാർ ബന്തവസിലെടുക്കുകയാണ് ചെയ്യേണ്ടത്. ആയതിന് പകരം സ്റ്റോക്ക് രജിസ്റ്റർ, സീഷർ മഹസ്സർ പോലും തയ്യാറാക്കാതെ സ്റ്റേഷനിലേയ്ക്ക് കൊണ്ടു വന്ന് ജനറൽ ഡയറിയിൽ രേഖപ്പെടുത്തി എന്ന ശ്രീ.റോയിയുടെ വാദം നിൽക്കുന്നതല്ലെന്നും അന്വേഷണ അധികാരി വ്യക്തമാക്കിയിട്ടുണ്ട്. 01.04.2014 മുതൽ പൊങ്ങണങ്ങാട് ഫോറസ്റ്റ് സ്റ്റേഷന്റെ അധിക ചുമതലയും അതിനുശേഷം 17.06.2014 മുതൽ പൂർണ്ണ ചുമതലയും വഹിച്ച ശ്രീ.കെ.റ്റി.റോയി പ്രതിവാദപത്രികയിൽ പറയുന്ന പോലെ ശ്രീ.എം.വി.വിശ്വംഭരൻ ചാർജ്ജ് ലിസ്റ്റ് കൈമാറിയിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടില്ല

01.03.2013- ൽ പൊങ്ങണങ്ങാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ. 6/12, ഒ.ആർ. 1/13 നമ്പർ

കേസുകളുമായി ബന്ധപ്പെട്ട് ഒരു മഹസ്സർ തയ്യാറാക്കിയിട്ടുള്ളത് കേസ്സിന്റെ ഫയലിൽ ലഭ്യമാണ്. പ്രധാനകേസ്സുകളുടെ ഫയലുകൾ മുഴുവൻ പരിശോധിക്കേണ്ടതും തൊണ്ടി തടികളിലോ മറ്റോ വ്യത്യാസം കാണുന്ന പക്ഷം ടിയാന്റെ മേൽ ഉദ്യോഗസ്ഥനെ രേഖാമൂലം വിവരം അറിയിക്കേണ്ടതുമായിരുന്നു. കൂടാതെ ചൊവ്വരിലെ ജോസ് എലിയ സോ മില്ലിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ പിടിച്ചെടുക്കുന്നതിനു ശ്രീ.റോയി നടപടിക്രമങ്ങൾ ഒന്നും പാലിച്ചതായി കാണുന്നില്ല. ചൊവ്വര ജോസ് എലിയ മില്ലിന്റെ നടത്തിപ്പുകാരനായ എലവുത്തിങ്കൽ ഫ്രാൻസിസ് മകൻ അനൂപിൽ നിന്നും രണ്ട് തവണയായി അമ്പതിനായിരം, ഇരുപത്തയ്യായിരം രൂപ വിതം കൈക്കൂലി വാങ്ങിയെന്ന ആരോപണം തെളിയിക്കാനായിട്ടില്ല 01.03.2013-ൽ മഹസ്സർ തയ്യാറാക്കി സർക്കാർ ബന്തവസിലെടുത്ത ഈട്ടി തടികളും മഹസ്സർ എഴുതാതെ ജോസ് എലിയ മില്ലിൽ നിന്നും പിടിച്ചെടുത്ത് ഡിപ്പാർട്ട്മെന്റ് ജീപ്പിൽ കൊണ്ടു വന്ന ആറ് കഷ്ണം ഈട്ടി തടികളും ടിയാന്റെ കാലയളവിൽ സ്റ്റേഷനിൽ ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്. തുടർന്ന് എപ്രകാരം ആയവ നഷ്ടപ്പെട്ടു എന്ന് രേഖകളില്ലാത്തതാണ്

05.04.2013- ലെ മഹസ്സർ പ്രകാരം രേഖകൾ ഇല്ലാത്ത 44 കഷ്ണം അറുത്ത ഉരുപ്പടികളും 22 ഈട്ടി ഉരുളുകളും സർക്കാർ ബന്തവസിലെടുത്തതിൽ ആയതിന് തയ്യാറാക്കിയ മഹസ്സർ റെയിഞ്ച് ഓഫീസിൽ ലഭിച്ചപ്പോൾ രേഖകൾ ഇല്ലാതെയും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്താതെയും ലൈസൻസോടെ പ്രവർത്തിക്കുന്ന മില്ലിൽ ടി ഈട്ടി തടികൾ അറുത്ത് ഉരുപ്പടികളാക്കിയത് കുറ്റമാണെന്നിരിക്കെ മില്ലുടമയ്ക്കെതിരെ കേസ് എടുക്കുകയോ ക്രമക്കേട് നടത്തിയ ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കുകയോ ചെയ്യാത്തത് ശ്രീ.പി.രവീന്ദ്രന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ആയത് കീഴ്ജീവനക്കാർക്ക് തെറ്റായ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി. ആയതിനാൽ ടിയാൻ എതിരെയുള്ള ആരോപണം ഭാഗികമായി നിലനിൽക്കുന്നതാണ്. 10.04.2013- ൽ ടിയാൻ മഹസ്സർ പ്രകാരമുള്ള തൊണ്ടികൾ നേരിട്ട് കണ്ട് ബോധ്യപ്പെട്ടുവെന്നും 05.04.2013- ലെ മഹസ്സർ പ്രകാരം അറുത്ത 44 ഈട്ടി ഉരുപ്പടികൾ പിടിച്ചെടുത്തിട്ടുണ്ടെങ്കിലും ആയതിന് രേഖകൾ ഉണ്ടെന്ന് മില്ലുടമയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഈ തടികൾ മില്ലിൽ സൂക്ഷിക്കുകയാണ് ഉണ്ടായതെന്നും രേഖകൾ ഹാജരാക്കിയതിനെ തുടർന്ന് തടികൾ ഉടമയ്ക്ക് വിട്ട് കൊടുത്തതെന്നും കൈച്ചീട്ടോ മറ്റ് രേഖകളോ 05.04.2013- ൽ വാങ്ങാത്തതു കൊണ്ടാകാം തടികൾ വിട്ട് കൊടുത്ത് മഹസ്സർ തയ്യാറാക്കിയപ്പോൾ രസീത് വാങ്ങാതിരുന്നത് എന്നും, കോമ്പൗണ്ടിന് വെളിയിൽ നിന്നും കണ്ടെടുത്ത 22 കഷ്ണം ഈട്ടി തടികൾ സ്റ്റേഷനിലേയ്ക്ക് മാറ്റുകയും ലേലത്തിൽ ഉൾപ്പെടുത്തി വിറ്റഴിച്ചെന്നും വലിയ പ്രദേശമായതിനാൽ പ്രതികളെക്കുറിച്ച് സൂചന ലഭിച്ചില്ല എന്ന വാദം നിലനിൽക്കുന്നതല്ല. മില്ലുടമയായ ശ്രീ.ഫ്രാൻസിസ് ഹാജരാക്കിയ രേഖകളുടെ വിവരങ്ങൾ മഹസ്സറിൽ ചേർക്കാത്തതിനാലും ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് കേസ് ഫയലിൽ സൂക്ഷിക്കാത്തതിനാലും മില്ലുടമ രേഖകൾ ഹാജരാക്കി എന്ന ടിയാന്റെ വാദം സംശയത്തിന് ഇട നൽകുന്നതാണ്. എന്നാൽ വാഹനത്തിന്റെ ഡ്രൈവറെ മഹസ്സറിൽ സാക്ഷിയാക്കാതിരുന്നത് ബോധപൂർവമാണ് എന്ന് സംശയിക്കാനാവില്ല. 10.04.2013- ലെ മഹസ്സർ ശ്രീ.രവീന്ദ്രൻ വെരിഫൈ ചെയ്യുമ്പോൾ തടികൾ മില്ലിന് വെളിയിൽ ട്രാൻസ്ഫോമറിനോട് ചേർന്ന് റോഡരികിൽ കിടക്കുകയായിരുന്നുവെന്നും നാല് ജീവനക്കാർ മില്ലുടമയായ ഫ്രാൻസിസും സാക്ഷികളായി മഹസ്സറിൽ ഒപ്പിട്ടു എന്നും ആയതിനാൽ തടികൾ കിടന്ന സ്ഥലത്തെ സംബന്ധിച്ച ആക്ഷേപം ശരിയല്ല എന്നുള്ള ടിയാന്റെ വാദം മുഖവിലയ്ക്കെടുക്കുവാൻ

കഴിയുന്നതല്ല. ഈ ആക്ഷേപത്തിന് ടിയാൻ പൂർണ്ണമായ വിശദീകരണം നൽകിയിട്ടില്ലാത്തതുമാണ്. തൊണ്ടി തടികൾ സ്റ്റേഷൻ സൂക്ഷിപ്പിലും സ്റ്റേഷൻ ജീവനക്കാരുടെ ചാർജ്ജ് ലിസ്റ്റിലും വരുന്നതാണെന്നും തൊണ്ടി രജിസ്റ്റർ തയ്യാറാക്കി ലേലത്തിനായി റെയിഞ്ച് ഓഫീസിലേയ്ക്ക് ശുപാർശ ചെയ്യുമ്പോൾ മാത്രമാണ് റെയിഞ്ച് ഓഫീസർ തുടർ നടപടികൾ എടുക്കേണ്ടത് എന്ന ടിയാന്റെ വാദം പരിഗണനാർഹമാണ്.

മേൽ ഔപചാരികന്വേഷണത്തിലെ കണ്ടെത്തലുകളും, ആയതിനു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ചിട്ടുള്ള അഭിപ്രായവും കണക്കിലെടുത്ത് ശ്രീ.കെ.റ്റി.റോയിക്കെതിരെ തെളിഞ്ഞ കുറ്റത്തിന് ആനുപാതികമായി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസിലെ ചട്ടം 11 (1) (VA) പ്രകാരം ടിയാന്റെ രണ്ടു വാർഷിക വേതന വർധനവ് സഞ്ചിത ഫലത്തോടെ തടയാൻ താത്കാലികമായി തീരുമാനിച്ചു കൊണ്ടും സർവീസിൽ നിന്നും വിരമിച്ച ശ്രീ. പി. രവീന്ദ്രനെതിരെ (RFO) തെളിഞ്ഞ കുറ്റങ്ങൾക്ക് ആനുപാതികമായി KSR Part III,Rule 3(b) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 750 വീതം 2 വർഷത്തേക്ക് തടഞ്ഞു വയ്ക്കാൻ താത്കാലികമായി തീരുമാനിച്ചും പരാമർ ശം ( 5 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

ഈ വിഷയത്തിൽ അച്ചടക്ക നടപടി നേരിടുന്ന ശ്രീ.പി.രവീന്ദ്രൻ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 1564/2021 കേസിന്റെ പരാമർശം (6) പ്രകാരമുള്ള വിധി പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി ആറ് ആഴ്ച്ചയ്ക്കുള്ളിൽ തീർപ്പാക്കുന്നതിനും അച്ചടക്ക നടപടി തീർപ്പാക്കുന്ന ഉത്തരവിന് വിധേയമായി അപേക്ഷകന് പെൻഷൻ,ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ തുടങ്ങി എല്ലാ സർവീസ് ആനുകൂല്യങ്ങളും രണ്ടു മാസത്തിനുള്ളിൽ വിതരണം ചെയ്യാനും ഉത്തരവായി. പരാമർശം (5) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാന്മാർ പരാമർശം (7) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പരാമർശം (8) പ്രകാരം അഭിപ്രായം ലഭ്യമാക്കി തുടർന്ന് സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ശ്രീ.കെ.റ്റി.റോയ്, ശ്രീ.പി.രവീന്ദ്രൻ എന്നിവരെ 02.12.2021-ൽ നേരിൽ കേൾക്കുകയുണ്ടായി

ശ്രീ.കെ.റ്റി.റോയിക്ക് എതിരെയുള്ള ആരോപണത്തിൽ ടിയാന്റെ ഭാഗത്ത് വീഴ്ച ഉള്ളതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാണ് . കൂടാതെ മഹസ്സർ തയ്യാറാക്കി സർക്കാർ ബന്തവസ്സിലെടുത്ത ഈട്ടിത്തടികളും മഹസ്സർ എഴുതാതെ ജോസ് ഏലിയ മില്ലിൽ നിന്നും പിടിച്ചെടുത്ത ഡിപ്പാർട്ട്മെന്റ് ജീപ്പിൽ കൊണ്ട് വന്ന ആറ് കഷണം ഈട്ടി തടികളും ടിയാന്റെ കാലയളവിൽ സ്റ്റേഷനിൽ ഉണ്ടായിരുന്നു എന്നതും വ്യക്തമാണ്. തുടർന്ന്, അവ എപ്രകാരം നഷ്ടപ്പെട്ടു എന്ന് രേഖകളില്ലാത്തതാണ്. ഔപചാരിക അന്വേഷണത്തിൽ ശ്രീ.പി.രവീന്ദ്രനെതിരെയുള്ള അഞ്ച് കുറ്റാരോപണങ്ങളിൽ ഒരെണ്ണം പൂർണ്ണമായും മൂന്നെണ്ണം ഭാഗികമായും തെളിഞ്ഞിട്ടുള്ളതും ഒരെണ്ണം തെളിഞ്ഞിട്ടില്ലാത്തതുമാണ്. മാത്രമല്ല ടിയാൻ സമർപ്പിച്ച വാദഗതികൾ ഒന്നും കുറ്റങ്ങൾ ഖണ്ഡിക്കാൻ പര്യാപ്തമല്ലെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടിയാന്മാരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നത് വ്യക്തമായതിനാൽ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന്മേൽ പരാമർശം (9) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം അഭ്യർത്ഥിക്കുകയും സർക്കാരിന്റെ തീരുമാനത്തോട് കമ്മീഷൻ യോജിച്ചതായി പരാമർശം (10) പ്രകാരം അറിയിക്കുകയും ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് മുകളിൽ പരാമർശിച്ച വസ്തുതകളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ.പി.രവീന്ദ്രനെതിരെ (റിട്ട R F O ) തെളിഞ്ഞ കുറ്റങ്ങൾക്ക് ആനുപാതികമായി KSR part III, Rule 3(b) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 750 വീതം 2 വർഷത്തേക്കും കുറവ് ചെയ്യുവാനും, സർവ്വീസിൽ തുടരുന്ന ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.റ്റി.റോയിക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ KCS (CC&A) റൂൾസിലെ ചട്ടം 11 (1) (VA) പ്രകാരം ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി പരാമർശം (2) പ്രകാരം ടിയാന്മാർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (6) ലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.റ്റി.റോയി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.പി.രവീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 06-12-2022 17:21:34
സെക്ഷൻ ഓഫീസർ